## പതിമൂന്നാം കേരളനിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 3562** **26.06.2012 ൽ മറുപടിയ്ക്ക്**

### 'സൗരഗൃഹ പദ്ധതി'

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. വി. വിജയദാസ് | | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) |
| (എ) | 2012-13 ബജറ്റ് പ്രഖ്യാപനത്തിൽ 10,000 വീടുകളുടെ മേൽക്കൂരകളിൽ സൗര വൈദ്യുതി പ്ലാന്റുകൾ സ്ഥാപിക്കുവാനും ഇവയിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബിക്ക് നൽകുന്നതിനും ഉദ്ദേശിച്ചുള്ള 'സൗരഗൃഹ പദ്ധതി' യുടെ വിശദാംശം നൽകുമോ ; | (എ) | 10000 വീടുകളുടെ മേൽക്കൂരയിൽ ഒരു കിലോവാട്ടിന്റെ സോളാർ പാനലുകൾ സ്ഥാപിച്ച് പ്രതിദിനം 50,000 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുകയും, ഇതിലൊരു ഭാഗം ബാറ്ററി-ഇൻവെർട്ടർ ഉപയോഗിച്ച് സന്ധ്യാ സമയത്തെ പീക്ക് ലോഡ് കുറയ്ക്കുകയും ചെയ്യത്തക്ക രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്ഇ.ബി യ്ക്ക് നൽകുന്ന പദ്ധതി ഈ വർഷം പരിഗണിച്ചിട്ടില്ല.<br>പൂർണ്ണമായും സൗജന്യമായിട്ടല്ല പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി പ്രകാരം ഒരു കിലോവാട്ടിന്റെ ഒരു യൂണിറ്റിന് ഏകദേശം 2,50,000 രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു. കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിൽ നിന്നും ഒരു കിലോവാട്ടിന് 81,000 രൂപയും അനെർട്ടിൽ നിന്നും 39,000 രൂപയും ചേർത്ത് 1,20,000 രൂപ സബ്സിഡിയായി നൽകാനാണ് ഉദ്ദേശിക്കുന്നത്. ബാക്കി തുക മാത്രം ഗുണഭോക്താവ് നൽകിയാൽ മതിയാകും. |
| (ബി) | ഏതെല്ലാം പ്രദേശങ്ങളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും, പ്രത്യേകിച്ച് പാലക്കാട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളാണ് ഇതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള തെന്നും വ്യക്തമാക്കുമോ ; | (ബി) | ഈ പദ്ധതി കേരളത്തിലെ എല്ലാ ജില്ലകൾക്കും തുല്യ പ്രാധാന്യം നൽകിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | കോങ്ങോട് മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകൾ ഇതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം വ്യക്തമാക്കുമോ ? | (സി) | പഞ്ചായത്ത് അടിസ്ഥാനത്തിലല്ല; മറിച്ച് വ്യക്തികൾ/സ്ഥാപനങ്ങൾ അപേക്ഷി ക്കുന്ന മുറയ്ക്കാണ് അനുമതി നൽകുന്നത്. |

സെക്ഷൻഓഫീസർ